**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 220** **27-01-2026 - ൽ മറുപടിയ്ക്ക്**

**ഗൈനക്കോളജി-പ്രസവ ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിലെ വടക്കെ ഭാഗങ്ങളിലെ തീരദേശവാസികൾ ഭൂരിപക്ഷവും ചികിത്സയ്ക്കായി ആശ്രയിക്കുന്ന തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി-പ്രസവ ചികിത്സ പുനരാരംഭിക്കാൻ കഴിയാതെ വന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ ലക്ഷ്യ നിലവാരത്തിലുള്ള പ്രസവ വാർഡിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ആദ്യഘട്ടമായി ഒരു ഗൈനക്കോളജിസ്റ്റ് തസ്തിക സൃഷ്ടിക്കുകയുണ്ടായി. 23.12.2025 ലെ സ.ഉ(കൈ) നം. 436/2025/ ആ.കു.വ പ്രകാരം കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - 2, ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജി -1, ജൂനിയർ കൺസൾട്ടന്റ് അനസ്തേഷ്യ -1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. നിലവിൽ അനുവദിച്ച തസ്തികകളിലേയ്ക്ക് നിയമന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രസവ വാർഡ് ആരംഭിക്കുവാൻ കഴിയും. |
| (ബി) | ഇവിടെ പ്രസവ സംബന്ധമായ അഡ്മിഷൻ എപ്പോൾ പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | ഉത്തരം എ പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ